# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3354 — 20.06.2018 ൽ മറുപടിക്ക്

## കേരളാ ഹൗസിൽ താമസസൗകര്യം ലഭ്യമാകാത്ത അവസ്ഥ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ.കെ.യു. അരുണൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ന്യൂഡൽഹി കേരളാ ഹൗസിൽ നിലവിൽ ഔദ്യോഗികാവശ്യത്തിനായി പോകുന്ന ഉദ്യോഗസ്ഥർ താമസസൗകര്യം ലഭ്യമാകാത്ത അവസ്ഥയിൽ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ന്യൂഡൽഹി കേരളാ ഹൗസിൽ ഔദ്യോഗികാവശ്യത്തിനായി പോകുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം നൽകുന്നതിനാണ് മുൻഗണന കൊടുക്കുന്നത്. തിരക്കേറിയ സമയങ്ങളിൽ എല്ലാ അപേക്ഷകളും പരിഗണിക്കുന്നതിൽ പ്രയാസം നേരിടാറുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിലെ അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന നിരക്കിലും സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് പുതിയ ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിക്കുന്ന നിരക്കിലും സ്വകാര്യ ഹോട്ടലുകളിൽ താമസിച്ച് മുറി വാടക റീ ഇംബേഴ്സ് ചെയ്യാവുന്നതാണ്. |
| (ബി) | ഗസ്റ്റ് ഹൗസിലെ 10 മുറികൾ (അഡീഷണൽ ബ്ലോക്കിലെ ഒന്നാംനില) പൂർണ്ണമായും വിവിധ ഓഫീസ് മുറികളായി പ്രവർത്തിക്കുന്നത് കാരണം താമസത്തിനുള്ള മുറികളുടെ എണ്ണം കുറയുന്നത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇത് ഒഴിവാക്കി സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ട്രാവൻകൂർ ഹൗസിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ അവിടത്തെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ കേരള ഹൗസിലെ മുറികളിലാണ് പ്രവർത്തിക്കുന്നത്. ആയത് മൂലം പത്തോളം മുറികളിൽ താമസ സൗകര്യം ഒരുക്കാൻ പറ്റാത്ത സ്ഥിതി ഉണ്ട്. പുതിയ ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമെ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ